# തദ്ദേശ അദാലത്ത്

എറണാകുളം ജില്ല 2024 ആഗസ്റ്റ് 16, 17

| | | |
|---|---|---|
| ഡോക്കറ്റ് നമ്പർ | : | **BPEKM10194000034** |
| പരാതിക്കാരന്റെ പേര്, മേൽവിലാസം | : | നാരായണൻ നമ്പൂതിരിപ്പാട് |
| മൊബൈൽ നമ്പർ | : | |
| ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനം | : | തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റി |

---

**പരാതി വിഷയം**

26.06.2023 ൽ പെർമിറ്റിന് അപേക്ഷിച്ചു. STP യുടെ lay out approval 25.05.2024 ൽ ലഭിച്ചു. മുൻസിപ്പൽ എഞ്ചിനീയർ 12.07.2024 ൽ പെർമിറ്റ് നൽകാവുന്നതാണെന്ന് ശുപാർശ ചെയ്തിട്ടുണ്ട്. വാസഗൃഹം & വാണിജ്യം ആണ് കെട്ടിടം. Existing proposed area ആകെ 2361.94m2 ആണ്.

**ഉപജില്ലാ അദാലത്ത് സമിതി അഭിപ്രായം**

750M2 ന മുകളിൽ ഉള്ള കെട്ടിട അപേക്ഷകളിൽ അനുമതി നൽകാനുള്ള തന്റെ ഉത്തരവാദിത്വം സെക്രട്ടറി ആദ്യം പ്രത്യേക ഉത്തരവില്ലാതെ തന്നെ കെസ്മാർട്ട് മുഖാന്തിരം മുൻസിപ്പൽ എഞ്ചിനീയർക്ക് ഡെലിഗേറ്റ് ചെയ്തു നൽകി. പിന്നീട് ഇതിന് ഉത്തരവ് നൽകി. ഈ ഡെലിഗേഷൻ നിയമാനുസൃതമല്ലായെന്ന നിലപാടിലാണ് മുൻസിപ്പൽ എഞ്ചിനീയർ. ഈ തർക്കം മൂലം കെട്ടിട അപേക്ഷകളിൽ തീർപ്പ് ഉണ്ടാകുന്നില്ല.

KMA വകുപ്പ് 50(2) ൽ "സർക്കാരോ മുനിസിപ്പാലിറ്റിയോ നൽകുന്ന ഏതെങ്കിലും നിർദ്ദേശങ്ങൾക്കോ ചുമത്തുന്ന നിയന്ത്രണങ്ങൾക്കോ വിധേയമായി സെക്രട്ടറിക്ക് രേഖാമൂലമുള്ള ഉത്തരവ് വഴി, തന്റെ ഏതെങ്കിലും ചുമതല മുൻസിപ്പാലിറ്റിയുടെ ഏതെങ്കിലും ഉദ്യോഗസ്ഥന്" ഡെലിഗേറ്റ് ചെയ്യാം. കേരള സർക്കാരിന്റെ 08.05.2023 ലെ സ.ഉ. (കൈ.) നം. 108/2023/എൽഎസ്ജിഡി പ്രകാരം A1, A2, B1, F എന്നീ ഉപയോഗ ഗണങ്ങളിൽ വരുന്ന നിർമ്മിതി വിസ്തീർണ്ണം 300 ചതുരശ്ര മീറ്ററിൽ അധികവും എന്നാൽ 750 ചതുരശ്ര മീറ്ററിൽ അധികരിക്കാത്തതുമായ കെട്ടിടങ്ങളുടെ നിർമ്മാണം - പെർമിറ്റ് / ഒക്യുപൻസി അനുവദിക്കുന്ന അധികാരി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറാണ്. ഈ രീതിയിൽ എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും ഈ ഉത്തരവിൽ നിർദ്ദേശം നൽകിയിട്ടുണ്ട്. സർക്കാർ ഉത്തരവിൽ ഡെലിഗേഷൻ എങ്ങനെയെന്ന് വ്യക്തമാക്കിയിട്ടുണ്ട്. നിയമത്തിൽ സർക്കാർ നൽകുന്ന നിർദ്ദേശങ്ങൾക്ക് അനുസൃതമായി വേണം ഡെലിഗേഷൻ എന്ന് നിഷ്കർഷിക്കുന്നു.

**തീരുമാനം**

ജില്ലാ സമിതിക്ക് നൽകുന്നു.